2008, ഖുത്ബ നമ്പര്‍- 14

بسم الله الرحمن الرحيم

4.4.2008
ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

# നിബന്ധനകള്‍ പാലിക്കാതെ രക്ഷയില്ല

**ഹ**ദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം ഓരോ അഹ്മദിയും എപ്പോഴും തങ്ങളുടെ മുമ്പില്‍ കാണേണ്ടതാണ്. നമ്മുടെ പരിഷ്കരണത്തിനുള്ള ഒരു വലിയ മാര്‍ഗ്ഗമാണത്. ഈ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടിയാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ടുള്ളത്. ഇക്കാര്യങ്ങള്‍ തന്നെയാണ് മറ്റ് മുസ്‌ലിംകളില്‍നിന്നും അന്യരില്‍ നിന്നും നമ്മെ ഉന്നതരാക്കിനിറുത്തുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യമെന്തായിരുന്നു? ഇതുസംബന്ധമയി ആ മഹാത്മാവ് തന്റെ പല ഗ്രന്ഥങ്ങളിലും പറഞ്ഞിട്ടുണ്ട്. അതായത്, മനുഷ്യരെ അല്ലാഹുവിന്റെ അടുത്തേക്ക് കൊണ്ടുവരികയും അവന്റെ സാമീപ്യം പ്രാപിക്കാന്‍ കഴിയുന്ന വഴികള്‍ കാണിച്ചുകൊടുക്കുകയും അവന്റെ നിറം തങ്ങളില്‍ പിടിപ്പിക്കാന്‍ പ്രാപ്തരാകുംവിധം അവരുടെ ഹൃദയഭക്തിയുടെ നിലവാരം ഉയര്‍ത്തുകയും ചെയ്യുക. ഇക്കാര്യം തന്നെയാണ് നമ്മുടെ പൂര്‍വ്വികരേയും നമ്മളേയും അന്ധകാരനിബിഢമായ കിണറ്റില്‍നിന്ന് രക്ഷിച്ചുനിറുത്തിയിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോട് പറഞ്ഞ കാര്യങ്ങള്‍, അത് പുതിയ കാര്യങ്ങളൊന്നുമല്ല. വാസ്തവത്തില്‍ ഇക്കാര്യങ്ങള്‍, അല്ലാഹു വിശുദ്ധഖുര്‍ആനിലൂടെ നമുക്ക് നല്കിയിട്ടുള്ളതിന്റെ വിശദീകരണമാണ്. നബി(സ) തിരുമേനി തന്റെ ജീവിതം കൊണ്ട് നമ്മുടെ മുമ്പില്‍ സമര്‍പ്പിച്ച അതേ കാര്യങ്ങള്‍ തന്നെയാണിത്. നബി(സ) ഇക്കാര്യങ്ങളുടെ ഉന്നതമായ നില സ്ഥാപിക്കുകയും അല്ലാഹു അത് വിളംബരപ്പെടുത്തുകയും ചെയ്തു. ***വ ഇന്നക്ക ലഅലാ ഖുലുഖിന്‍ അളീം*** അത്യുത്ക്കൃഷ്ടമായ സ്വഭാവഗുണത്തില്‍ നില കൊള്ളുന്നവന്‍ തന്നെയാണ് നീ. നബി(സ) സ്ഥാപിച്ച ജീവിതമാതൃകയിലൂടെയും ചെയ്തുകാണിച്ച പ്രവര്‍ത്തനങ്ങളിലൂടെയും ചരിക്കേണ്ടത് നിങ്ങളുടെ നിര്‍ബ്ബന്ധകടമയാണെന്ന് സത്യവിശ്വാസികളോട് അല്ലാഹു കല്പിച്ചു. പിന്നീട് ***ആഖരീന മിന്‍ഹും ലമ്മാ യല്‍ഹഖൂബിഹിം*** എന്നു പറഞ്ഞുകൊണ്ട്, ഒരു അന്ധകാര കാലഘട്ടത്തിനുശേഷം വാഗ്ദത്ത മഹ്ദിയും മസീഹും നിയോഗിതനാകുന്ന അവസാനകാലത്ത്, ആ മഹാത്മാവ് തന്റെ യജമാനരായ നബി(സ)യുടെ ജീവിതമാതൃകയുടെ യഥാര്‍ത്ഥവും പരിപൂര്‍ണ്ണവുമായ മാതൃകയായിരിക്കും എന്നും വിളംബരം ചെയ്തിരിക്കുന്നു. അതിനാല്‍, ഈ കാലഘട്ടം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടമാണ്. ഈ കാലഘട്ടത്തില്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ യഥാര്‍ത്ഥ അധ്യാപനത്തിന്റെ ചിത്രം നമ്മുടെ മുമ്പില്‍ വരച്ചുകാണിച്ചു. ഇത് യഥാര്‍ത്ഥത്തില്‍ നബി(സ) തിരുമേനിയുടെ കാലഘട്ടത്തിന്റെ തന്നെ കണ്ണിയാണ്. കാരണം നബി(സ)യുടെ കാലഘട്ടം ഖിയാമത്തുന്നാള്‍ വരേക്കുമുള്ളതാണ്. ഒരു അഹ്മദി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്യുന്നതും, നബിതിരുമേനിയുടെ കല്പനയനുസരിച്ച് തന്നെയാണ്. ഒരു സത്യവിശ്വാസി പുതുക്കുന്ന ഈ ബയ്അത്ത് അഥവാ അനുസരണപ്രതിജ്ഞ, കാലത്തിന്റെ ദൂരം ഏതൊരു മഹത്തായ അധ്യാപനത്തേയും ഏതൊരു ജീവിതമാതൃകയേയും നമ്മെ മറപ്പിച്ചുകളഞ്ഞിരുന്നുവോ, ഇപ്പോള്‍ നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയില്‍ ആ നന്മകളില്‍ നിലകൊള്ളാന്‍ പൂര്‍ണ്ണമായും ശ്രമിക്കുമെന്ന് പറഞ്ഞ് പുതുക്കുകയാണ്. നമ്മുടെ സകല കഴിവുകളോടും കൂടി അതിനായി നാം പരിശ്രമിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു ഗ്രന്ഥത്തില്‍ പറയുന്നു: "അല്ലാഹു എന്നെ ലോകത്തേക്ക് അയച്ചിട്ടുള്ളത് സകലതും നഷ്ടപ്പെട്ട ജനങ്ങളെ സൗശീലത്തോടും ഉത്ക്കൃഷ്ട സ്വഭാവത്തോടും സൗമ്യതയോടുംകൂടി അല്ലാഹുവിലേക്കും അവന്റെ പരിശുദ്ധമായ മാര്‍ഗ്ഗത്തിലേക്കും വലിച്ചുകൊണ്ടുവരുന്നതിനും എനിക്ക് നല്കപ്പെട്ട ആ പ്രകാശത്തിന്റെ വെളിച്ചംകൊണ്ട് ജനങ്ങളെ നേരായ മാര്‍ഗ്ഗത്തിലേക്ക് നയിക്കുന്നതിനും വേണ്ടിയാണ്."

ഈ പ്രവര്‍ത്തനത്തിനായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചിട്ടുള്ളത്. ആ മഹാത്മാവ് പറഞ്ഞത് 'ആ സന്മാര്‍ഗ്ഗത്തിലേക്ക് ജനങ്ങളെ വലിച്ചുകൊണ്ടുവരുന്നതിനുവേണ്ടി' എന്നാണ്. അതായത് മാലിന്യത്തില്‍ മുങ്ങിക്കിടക്കുന്ന മനുഷ്യനെ കഠിനപ്രയത്നത്തിലൂടെ പുറത്തെടുക്കുക. അവന്‍ വീണുകിടക്കുന്ന പൊട്ടക്കിണറില്‍നിന്ന് കഠിനപരിശ്രമം ചെയ്ത് പുറത്തേക്ക് കൊണ്ടുവരിക. 'വലിച്ചെടുക്കുക' എന്നത് ഒരു പരിശ്രമം ആവശ്യപ്പെടുന്നുണ്ട്. സ്വയം ബുദ്ധിമുട്ടില്‍ അകപ്പെട്ട് വിഷമത്തില്‍ കിടക്കുന്ന ഒരുവനെ മറ്റൊരുവന്‍ രക്ഷിച്ച് പുറത്തെടുക്കുന്നു. സന്മാര്‍ഗ്ഗത്തിലേക്ക് വലിച്ചെടുക്കുക എന്നത് ഒരു ബുദ്ധിമുട്ട് സഹായിയോട് ആവശ്യപ്പെടുന്നുണ്ട്. അതിനാല്‍ ഈ വിഷമം പ്രകടിപ്പിച്ചുകൊണ്ട് ആ മഹാത്മാവ് ഒരിടത്ത് പറഞ്ഞു. "ഞാന്‍ ഏത് ചെണ്ട കൊട്ടിയാണ് വിളിച്ചുപറയേണ്ടത് ജനങ്ങള്‍ സന്മാര്‍ഗ്ഗത്തിന്റെ ഉറവിലേക്ക്

വരുവാൻ." മനുഷ്യത്വത്തിനുവേണ്ടി ആ മഹാത്മാവിന്റെ മനസ്സിൽ അലയടിച്ചിരുന്ന സഹതാപത്തിന്റെ നിലവാരം ഏതുതരത്തിലുള്ളതാണെന്ന് നോക്കുക. വെറും വലിച്ചെടുത്ത് പുറത്തുകൊണ്ടുവരിക അല്ലെങ്കിൽ ബുദ്ധിമുട്ടിൽനിന്ന് കരകയറ്റുക മാത്രമല്ല, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ ആ പ്രകാശമയമായ വഴിയിലൂടെ അവരെ നടത്തുകയും വേണം. നേരായ പാതയിലൂടെ നടത്തുന്നതിനായി സ്ഥിരമായ മാർഗ്ഗദർശനത്തിന്റെ ആവശ്യമുണ്ട്. ഈ വെളിച്ചം വെറും അല്പദൂരത്തേക്ക് മാത്രമുള്ളതല്ല. അല്ലാഹുവിലേക്ക് എത്തിച്ചേരുന്ന ആ ദീർഘമായ വഴി മുഴുവൻ ആ വെളിച്ചം എത്തേണ്ടതുണ്ട്. അതിന്റെ ഒരു നില തരണം ചെയ്തുകഴിഞ്ഞാൽ അടുത്ത നില തുടരുകയായി. അതിന്റെ ഒരു നിലയിൽ എത്തുമ്പോൾ അടുത്തനിലവരെ എത്താനുള്ള ആവേശവും തിളപ്പും കൂടുന്നു. ആ വെളിച്ചവും ഒരു സുസ്ഥിരമായ വെളിച്ചമാണ്. ഇത് അല്ലാഹുവിന്റെ മാർഗ്ഗദർശനങ്ങളുടെ സകല ദീപത്തേയും തെളിക്കുന്നതിലൂടെയാണ് ലഭിക്കുന്നത്. സന്മാർഗ്ഗത്തിന്റെ ഒരു നിലയിൽ എത്തിക്കഴിഞ്ഞാൽ അതിന്റെ അടുത്തനിലയുടെ വെളിച്ചം കാണാൻ തുടങ്ങുന്നു. ഉത്ക്കൃഷ്ട സ്വഭാവങ്ങളുടെ ഒരു നിലയിൽ എത്തിക്കഴിഞ്ഞാൽ അതിന്റെ ഉന്നതമായ അടുത്ത നില കാണാൻ സാധിക്കുന്നു. ഹിദായത്തിന്റെ വഴി കാണിച്ചുകൊടുക്കുന്നയാൾക്കും അത് പ്രാപിക്കുന്നയാൾക്കുമുള്ള സ്ഥിരമായൊരു പരിശ്രമമാണത്. ഇക്കാലഘട്ടത്തിൽ ഇതിന്റെ ഉന്നതമായ മാതൃക ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പിൽ സ്ഥാപിച്ചുവെച്ചിരിക്കുന്നു. ഈ തെളിമയാർന്ന വഴിയിലൂടെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കാൻ വേണ്ടിയാണത്. സ്വയം നടന്നാൽ മാത്രം പോരാ. മറിച്ച്, ***റഹ്മത്തുൻല്ലിൽ ആലമീ***നെ വിശ്വസിക്കുന്ന കാരണത്താൽ മറ്റുള്ളവരേയും ഈ വഴിയിലൂടെ നടത്താൻ പരിശ്രമിക്കേണ്ടതാണ്. ഒന്നാമത്തേത് ബയ്അത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പൂർത്തിയാക്കിക്കൊണ്ട് ആ വഴിയിലൂടെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കാൻ ശ്രമിക്കേണ്ടത് ഒരു അഹ്മദിയുടെ നിർബ്ബന്ധ കടമയാണ്. രണ്ടാമത്തേത് തന്റെ സഹജനതയേയും അടുത്തബന്ധുക്കളേയും ഈ തെളിമയാർന്ന വഴി പറഞ്ഞുകൊടുത്ത് അതിലൂടെ നയിക്കാൻ ശ്രമിക്കണമെന്നുള്ളതാണ്. പക്ഷേ, ഇതിനായി എന്തു മാർഗ്ഗമാണ് സ്വീകരിക്കേണ്ടത്? യുക്തിപരമായ എന്ത് കർമ്മമാണ് സ്വായത്തമാക്കേണ്ടത്? ഇതിനെ സംബന്ധിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "എന്റെ വരവിന്റെ ഉദ്ദേശ്യം ബലാൽക്കാരത്തോടും വാൾ കൊണ്ടും ദുൻയാവിനെ പരിഷ്കരിക്കലല്ല. ലാത്തിയുടെ ശക്തി കൊണ്ട് ആ വഴിയിലൂടെ നടത്തുക എന്നതുമല്ല. മറിച്ച്, സൗശീലത്തോടും ഉന്നതമായ സ്വഭാവത്തോടും സൗമ്യതയോടും കൂടി ആ വഴിയിലേക്ക് ജനങ്ങളെ എടുത്തിടുകയാണ്. നബി(സ) സ്ഥാപിച്ച ജീവിതമാതൃക ആ മഹാത്മാവ് സൗശീലത്തോടും ഉന്നതസ്വഭാവത്തോടും കൂടി കാഴ്ചവച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിനുള്ളിലും സുഹൃത്തുക്കളിലും പരിസരങ്ങളിലും തന്റെ സ്വന്തക്കാരിലും ശത്രുത വച്ചുപുലർത്തുന്നവരിലും സഹിഷ്ണുതയുടേയും ഉൽക്കൃഷ്ടസ്വഭാവത്തിന്റെയും സൗശീലത്തിന്റെയും ഉന്നതമായ മാതൃക കാണിച്ചു. കാരണം ഹൃദയം മനസ്സിലാക്കാനുള്ള ഒരു മാർഗ്ഗമിതാണ്. ഞാൻ പറഞ്ഞതുപോലെ ആ മഹാത്മാവിന് ബയ്അത്ത് ചെയ്ത് സ്വീകരിച്ചിട്ടുള്ളവരിൽനിന്നും ഇതേ സ്വഭാവഗുണമാണ് പ്രതീക്ഷിക്കുന്നത്. തന്റെ ജമാഅത്തിനെ ആ മഹാത്മാവ് ഉപദേശിച്ചതും ഇതുതന്നെയായിരുന്നു. ഒരിടത്ത് ഉപദേശം നല്കിക്കൊണ്ട് പറയുന്നു: "ബലാൽക്കാരപൂർവ്വം പെരുമാറരുതെന്ന് ഞാൻ നിങ്ങളോട് പറയുന്നു. സൗശീലത്തോടെ പ്രവർത്തിക്കുക. യുദ്ധം ചെയ്യുക എന്നത് ഈ ജമാഅത്തിന്നെതിരാണ്. സൗമ്യതയോടെ പ്രവർത്തിക്കുക. അങ്ങനെ ഈ ജമാഅത്തിന്റെ സത്യതയെ സ്വപരിശുദ്ധികൊണ്ടും സത്ചലനംകൊണ്ടും സ്ഥാപിച്ചുകാണിക്കുക. ഇത് എന്റെ ഉപദേശമാണ്. ഇത് ഓർമ്മവച്ചുകൊള്ളുക. അല്ലാഹു നിങ്ങൾക്ക് സ്ഥിരതയോടെ നിൽക്കാൻ ഭാഗ്യം നല്കുമാറാകട്ടെ." ഈ മാതൃക ഒരഹ്മദിക്ക് സ്ഥാപിക്കാൻ കഴിയുന്നത് അവനിലൂടെ ഏത് പരിതസ്ഥിതിയിലും സൗശീലത്തിന്റെയും അലിവിന്റെയും പ്രകടനമുണ്ടാകുമ്പോഴാണ്. അനഹ്മദികളോട് സൗശീലത്തോടും സഹനത്തോടുംകൂടി പെരുമാറിക്കൊണ്ട് അവരെ വിശ്വാസികളാക്കേണ്ടതാണ്. എന്നാൽ, വീടിന്റെ ചുറ്റുപാടും പരസ്പര ബന്ധവും ഇതിന്നെതിരിലാണ് ഇന്ന് സാക്ഷി പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ നാം തബ്ലീഗ് ചെയ്യുന്നവർ, നമ്മുടെ അടുത്തുവന്ന് നമ്മുടെ തനിസ്വഭാവം കണ്ടാൽ തിരിച്ചുപോകാൻ ഇടയുണ്ട്. പറയുന്നത് ഒന്നാണെങ്കിൽ പ്രവർത്തിക്കുന്നത് മറ്റൊന്ന്. ഇങ്ങനെ നമ്മുടെ കർമ്മം തെളിമയാർന്ന വഴികളിലേക്ക് മാർഗ്ഗദർശനം നല്കുന്നതിന് പകരം ആ വഴിതെറ്റിയവരെ ഉപേക്ഷിച്ചുകളയുകയാണ്. നമ്മുടെ അവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: " നന്മ, ഹൃദയഭക്തി, സൗശീലം, സ്വഭാവപരമായ അവസ്ഥകൾ തുടങ്ങിയവയെല്ലാം നന്നാക്കിത്തീർക്കേണ്ടതാണ്. എനിക്ക് എന്റെ ജമാഅത്തിനെക്കുറിച്ച് വലിയ ദുഃഖമുണ്ട്, ഇപ്പോഴും ഈ ആളുകൾ നിസ്സാരകാര്യത്തിന് വഴക്കിടുന്നു. പൊതുസഭയിൽ ആരെയെങ്കിലും അഹമഖ് അഥവാ വിഡ്ഢി എന്ന് പറയുന്നതും വലിയ തെറ്റാണ്. തന്റെ ഏതെങ്കിലും സഹോദരന്റെ തെറ്റ് കണ്ടാൽ അവനുവേണ്ടി പ്രാർത്ഥിക്കുക; അല്ലാഹു അവനെ രക്ഷിക്കുന്നതിനുവേണ്ടി. അല്ലാതെ അത് വിളിച്ചുപറഞ്ഞ് നടക്കലല്ല. ആരുടെയെങ്കിലും മകൻ ദുർന്നടപ്പുകാരനായിത്തീർന്നാൽ അവനെ അയാൾ നഷ്ടപ്പെടുത്തിക്കളയാറില്ല. മറിച്ച്, ഉള്ളിൽ കൊണ്ടുപോയി ഒരു മൂലയിൽ

നിർത്തി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയാണ് പതിവ്. മോശമായ കാര്യമാണെന്ന് പറഞ്ഞ് കാര്യങ്ങളൊക്കെ വ്യക്തമാക്കിക്കൊടുക്കുന്നു. ദുഷ്കർമ്മങ്ങളിൽ നിന്ന് പിന്മാറാൻ ഉപദേശിക്കുന്നു. അതിനാൽ, സഹനവും അലിവും മാർദ്ദവമായ പെരുമാറ്റവും കൊണ്ട് തന്റെ മക്കളോട് അയാൾ പെരുമാറുന്നതുപോലെ ഈ സഹോദരന്മാരോടും നിങ്ങൾ പെരുമാറുക. സ്വഭാവം നല്ലതല്ലാത്തവന്റെ ഈമാനെക്കുറിച്ച് എനിക്ക് ആശങ്കയുണ്ട്. കാരണം അവനിൽ അഹങ്കാരത്തിന്റെ ഒരു വേരുണ്ട്. അല്ലാഹു തൃപ്തനായില്ലെങ്കിൽ അവൻ നാശമടഞ്ഞു. അവന്റെ സ്വന്തം സ്വഭാവങ്ങളുടെ അവസ്ഥ ഇങ്ങനെയാണെങ്കിൽ മറ്റുള്ളവരെ ഉപദേശിക്കാൻ അവനെന്തവകാശമാണുള്ളത്?"

വളരെ പ്രധാനപ്പെട്ട ഒരു ഉപദേശമാണിത്. എനിക്ക് നിത്യവും ചില കത്തുകൾ ലഭിക്കാറുണ്ട്. ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് സൗശീലത്തിന്റെയും ക്ഷമയുടെയും കുറവാണ് പരസ്പരമുള്ള കലഹത്തിന് കാരണമെന്നാണ്. സൗമ്യതയുടെയും അലിവിന്റെയും കുറവ് കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ ആശങ്ക പ്രകടിപ്പിച്ചിരിക്കുകയാണ്. ഇത്തരക്കാരായിട്ടുള്ളവർ അക്കാലത്ത് വളരെ കുറച്ചേയുണ്ടായിരന്നുള്ളൂ. അതിൽപോലും ആ മഹാത്മാവ് ആശങ്കപ്പെട്ടു. എന്നാൽ, ജമാഅത്തിന്റെ അംഗസംഖ്യ പെരുകുന്നതോടൊപ്പം ചില തിന്മകളും വർദ്ധിക്കുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് ഈ ഭാഗത്തേക്ക് നാം ശ്രദ്ധിക്കണം. ജമാഅത്തിന്റെ പരമമായ വ്യവസ്ഥിതിക്ക് ഒരു പരിധിവരെ മാത്രമേ പരിഷ്കരണം നടത്താൻ സാധിക്കുകയുള്ളൂ. യഥാർത്ഥമായ പരിഷ്കരണം മനുഷ്യൻ സ്വയം ചെയ്യുന്നതാണ്. ഓരോ അഹ്മദിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'സ്വഭാവങ്ങൾ നല്ലതല്ലാത്തവന്റെ ഈമാനെക്കുറിച്ച് എനിക്ക് ആശങ്കയുണ്ട്' എന്ന മുന്നറിയിപ്പ് മുന്നിൽകാണുകയാണെങ്കിൽ അവന്റെ ഹൃദയം വിറകൊണ്ടുപോകും. എന്നല്ല, വിറകൊള്ളേണ്ടതുമാണ്. ഞാൻ പരിശോധിച്ചുനോക്കിയപ്പോൾ അഹങ്കാരവും സൗമ്യത്തിന്റെയും അലിവിന്റെയും കുറവുമാണ് നിരവധി കലഹങ്ങളുടെ അടിത്തറയായി നില്ക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു കക്ഷിയിൽനിന്ന് എന്തെങ്കിലും പ്രശ്നമുണ്ടാകുമ്പോൾ മറുപക്ഷം സൗമ്യത കാണിക്കുന്നതിന് പകരം അതിനേക്കാൾ കട്ടികൂടിയ തരത്തിൽ മറുപടി കൊടുക്കുന്നു. തൽഫലമായി കലഹം മൂർച്ഛിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാഹി കമ്മിറ്റിക്ക് പ്രശ്നം പരിഹരിക്കാൻ കഴിയാതെ വരുന്നു. പിന്നീട് ഖസായിലേക്ക് പ്രശ്നം പോകുന്നു. ഒരു കക്ഷി തീരുമാനം സ്വീകരിക്കാതെ വരുമ്പോൾ, ഇഷ്ടപ്പെടാതെ തന്നെ ജമാഅത്തിന്റെ നിസാമിൽനിന്ന് അവരെ പുറത്താക്കേണ്ടിവരുന്നു. അങ്ങനെ നല്ലൊരു കുടുംബം വെളിച്ചം കണ്ടെത്തിയതിനുശേഷം അതിൽനിന്ന് പിന്തള്ളപ്പെട്ടുപോകുന്നു. ചിലരാണെങ്കിൽ എത്രമാത്രം അധഃപതിക്കുന്നുവെന്നുവച്ചാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അവരുടെ വിശ്വാസത്തെ സംബന്ധിച്ച് ആശങ്കയുണ്ടാകുന്നു. യഥാർത്ഥത്തിൽ അവരുടെ ഈമാൻ അവർ കളഞ്ഞിരിക്കുകയായിരുന്നു. അത് അവർ അറിഞ്ഞില്ലെന്ന് മാത്രം. മാതാപിതാക്കൾക്ക് ശിക്ഷ കിട്ടുമ്പോൾ അവരുടെ സൽപ്രകൃതക്കാരായ മക്കളിലും അതിന്റെ സ്വാധീനമുണ്ടാകുന്നു. അവരുടെ പരിസരത്ത് അവർക്ക് ലജ്ജിതരാകേണ്ടിവരുന്നു. പിന്നീട് കലഹക്കാരായ മാതാപിതാക്കളുടെ വഖ്ഫെ നൗവിൽ അംഗമായിട്ടുള്ള കുട്ടികളുടെ അവസ്ഥയെക്കുറിച്ചും ജമാഅത്തിന് ചിന്തിക്കേണ്ടതായി വരുന്നു; ആ കുട്ടികളുടെ വഖ്ഫ് നിലനിർത്തണോ എന്ന്. കാരണം മാതാപിതാക്കളുടെ അവസ്ഥ ഇങ്ങനെയാണെങ്കിൽ- സമൂഹത്തോടുള്ള കടമ നിറവേറ്റാതെയും ജമാഅത്തിനെക്കുറിച്ച് ചിന്തിക്കാതെയും നടക്കുകയാണെങ്കിൽ കുട്ടികളുടെ തർബിയ്യത്ത് കൊടുക്കാൻ അവർക്ക് എങ്ങനെയാണ് സാധിക്കുക? ചുരുക്കിപ്പറഞ്ഞാൽ സൗമ്യതയും അലിവും കുറഞ്ഞുപോയ കാരണത്താൽ ഈ ആളുകൾ തങ്ങളുടെ ഈമാനേയും തങ്ങളുടെ മക്കളുടെ ഈമാനേയും നഷ്ടപ്പെടുത്തിക്കളയുന്നു. 'അത്തരക്കാർക്ക് മറ്റുള്ളവരോട് പറയാൻ തന്നെ അവകാശമില്ല' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ തങ്ങളുടെ കൈകളിൽ സത്യമുണ്ടെന്ന് മറ്റുള്ളവരോട് പറയാൻതന്നെ ഒരവകാശവും അവർക്കില്ല. ഇങ്ങനെ ചിലപ്പോൾ സൽപ്രകൃതക്കാരനും അഹ്മദിയ്യത്തിൽ നിന്ന് അകന്നുപോകാൻ കാരണമാകുന്നു. അതായത്, ഒരു തെറ്റ് മറ്റൊരു തെറ്റിന് ജന്മം നല്കുന്നു. അത് വർദ്ധിച്ചുകൊണ്ടേ പോകുന്നു. അതിനാൽ ഒരഹ്മദിയെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ട സ്ഥാനമാണിത്. അങ്ങനെതന്നെയാണ് വേണ്ടതും. കോപാന്ധനായിട്ടുള്ളവൻ അന്തിമഫലത്തെക്കുറിച്ച് ചിന്തിക്കാത്തവനായിരിക്കും. ശിക്ഷ കിട്ടിയതിനുശേഷം വിഷമം അനുഭവിക്കുന്നവരാണ് ഇരുഭാഗവും. ഉടനെ മാപ്പ് ചോദിച്ച് കത്തെഴുതുന്നു. അപ്പോൾ നിരുപാധികം കേന്ദ്രത്തിന്റെ തീരുമാനമനുസരിച്ചെല്ലാം പ്രവർത്തിക്കുന്നു. ആദ്യമേതന്നെ ഇങ്ങനെ ചിന്തിക്കുകയാണെങ്കിൽ കുറഞ്ഞപക്ഷം അവരുടെ മക്കളും അവരുടെ കുടുംബവും ഈ പരീക്ഷണത്തിൽനിന്ന് രക്ഷപ്പെട്ടേക്കാം. ഉന്നതമായ സ്വഭാവഗുണങ്ങളെ സൂചിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അഹിംസാത്മക സ്വഭാവ വകുപ്പിൽ ഉൾപ്പെട്ട ധാർമ്മിക ഗുണങ്ങളിൽ നാലാമത്തേതിനു അറബിയിൽ **രിഫ്ഖ്** എന്നു പറയുന്നു. ഇതിന് സൗശീല്യം എന്നു അർത്ഥം വിവക്ഷിതമാക്കാം. ഇത് സുമുഖതയും സദ്വചനശീലവും ഉൾക്കൊണ്ട ശിഷ്ടാചാരമാകുന്നു. ഇതിന്റെ ബീജരൂപമെന്നോണം ശിശുക്കളിൽ കാണപ്പെടുന്ന സ്വാഭാവിക ശക്തിക്കാണ് **'ത്വലാഖത്ത്'** അഥവാ 'പ്രസന്നഭാവം'എന്നു പറയുന്നത്. ശിശു സംസാരിക്കുവാൻ പ്രാപ്തമാകുന്നതിനു മുമ്പേ സൗശീല്യ

ത്തിനുപകരം ഈ പ്രസന്നഭാവം പ്രദർശിപ്പിക്കുന്നതായി കാണാം. സൗശീല്യത്തിന്റെ മൂലസത്തയായി സ്ഥിതിചെയ്യുന്ന ശിശുപ്രായത്തിലെ ഈ പ്രസന്നഭാവം പ്രകൃത്യാലുള്ള ഒരു ബോധവിശേഷമാണ്. ശൈശവ സാധാരണമായ ഈ ബോധശക്തിയെ സന്ദർഭോചിതം പ്രയോഗപ്പെടുത്തുമ്പോൾ സംജാതമാകുന്നതാണ് സൗശീല്യമാകുന്ന ഈ ധാർമ്മിക ഗുണം. ഈ വിഷയ ത്തെക്കുറിച്ചു വിശുദ്ധ ഖുർആൻ പറയുകയാണ്: وَقُوْلُوْا لِلنَّاسِ حُسْنًا നിങ്ങൾ ജനങ്ങളോടു നല്ല വാക്ക് പറയുവിൻ.(2:84)

لَا يَسْخَرْ قَوْمٌ مِّنْ قَوْمٍ عَسٰٓى اَنْ يَّكُوْنُوْا خَيْرًا مِّنْهُمْ وَلَا نِسَآءٌ مِّنْ نِّسَآءٍ عَسٰٓى اَنْ يَّكُنَّ خَيْرًا مِّنْهُنَّ ۚ وَلَا تَلْمِزُوْٓا اَنْفُسَكُمْ وَلَا تَنَابَزُوْا بِالْاَلْقَابِ ؕ..... اِجْتَنِبُوْا كَثِيْرًا مِّنَ الظَّنِّ ۫ اِنَّ بَعْضَ الظَّنِّ اِثْمٌ وَّلَا تَجَسَّسُوْا وَلَا يَغْتَبْ بَّعْضُكُمْ بَعْضًا ؕ.... وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ تَوَّابٌ رَّحِيْمٌ ﴿۱۳﴾

"ഒരു ജാതിക്കാർ മറ്റൊരു ജാതിക്കാരെ പരിഹസിക്കാതിരിക്കട്ടെ; അവർ (പരിഹസിക്കപ്പെടുന്നവർ) ഒരുപക്ഷേ മറ്റവരേക്കാൾ ഉത്തമരായിരിക്കും. ചില സ്ത്രീകൾ മറ്റു സ്ത്രീകളെ പരിഹസിക്കാതിരിക്കട്ടെ; ആ പരിഹസിക്കപ്പെടുന്നവർ ഒരുപക്ഷേ മറ്റവരേക്കാൾ ഉത്തമകളായിരിക്കും. നിങ്ങൾ തമ്മിൽ തമ്മിൽ അപവദിക്കരുത്. അന്യോന്യം ഹാസ്യപ്പേരുകൾ വിളിക്കുകയുമരുത്...... ഊഹങ്ങളിൽ അധികത്തെയും വർജ്ജിക്കുവിൻ, നിശ്ച യമായും ഊഹങ്ങളിൽ ചിലത് പാപകരമാകുന്നു. നിങ്ങൾ ദോഷങ്ങളെ ചികഞ്ഞു നോക്കരുത്; നിങ്ങളിൽ ചിലർ മറ്റു ചിലരെ ദുഷിക്കുകയുമരുത്.. അല്ലാഹുവിനെ ഭയപ്പെടുവിൻ; അല്ലാഹു ആർദ്രതയുള്ളവനും കരുണാമയനുമാണ്"(49:12,13).

وَلَا تَقْفُ مَا لَيْسَ لَكَ بِهٖ عِلْمٌ ؕ اِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ اُولٰٓئِكَ كَانَ عَنْهُ مَسْـُٔوْلًا ﴿۳۷﴾

"നിങ്ങളുടെ പക്കൽ തെളിവില്ലാതെ നിങ്ങൾ മറ്റൊരുത്തരിലും ആരോപണം ചെയ്യരുത്. നിശ്ചയമായും ചെവിടും കണ്ണും ഹൃദയവും എല്ലാം അതിനെക്കുറിച്ചു ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും"(17:37).

ആ മഹാത്മാവ് വിശദീകരിച്ചത് കുട്ടിക്ക് നന്മ തിന്മയെക്കുറിച്ച് വിവേചിച്ചറിയാൻ കഴിയാത്തിടത്തോളം കുട്ടിയുടെ പ്രവർത്തിയും അതിന്റെ സംസാരവും ഉന്നതമായ ധാർമ്മികഗുണംകൊണ്ടോ സൗശീലം കൊണ്ടോ അല്ല. മറിച്ച് ആ കുട്ടിയുടെ ഉള്ളിൽ അല്ലാഹു നിക്ഷേപിച്ചിരിക്കുന്ന ശക്തിയുടെ ഫലമായിട്ടാണ് കുട്ടി അങ്ങനെ ചെയ്യുന്നത്. സൗശീലത്തിന്റെ വേര് മനുഷ്യനുള്ളിൽ കുടികൊള്ളുന്നു എന്ന് തെളിയിക്കാനാണ് ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. സൽപ്രകൃതക്കാരനും ദീനിൽ നിലകൊള്ളുന്നവനും അല്ലാഹുവിന്റെ കല്പനയ്ക്ക് വിധേയനായവനുമാണ് ഈ ധാർമ്മിക ഗുണം പ്രയോജനപ്പെടുത്തുന്നത്. ഈ ധാർമ്മികഗുണം (രിഫ്ഖ്) അതായത് സൗശീലത്തെക്കുറിച്ചുള്ള അല്ലാഹുവിന്റെ ഉപദേശമെന്താണ്. അതാണ് വിശുദ്ധഖുർആനിലെ ചില വചനങ്ങളിലൂടെ ആ മഹാത്മാവ് സമർപ്പിച്ചത്. ഒന്നാമത്തെ കാര്യം ഈ ധാർമ്മികഗണം സൃഷ്ടിച്ചെടുക്കുന്നതിന് സൗശീലത്തിന്റെ കല്പനയുള്ളിൽ നടപ്പിൽ വരുത്തുവാൻ ***ഖൂലൂ ലിന്നാസി ഹുസ്നാ*** 'നിങ്ങൾ ജനങ്ങളോട് നല്ലവാക്ക് പറയുവിൻ' എന്ന കല്പനയനുസരിച്ചിട്ടുള്ള പ്രവർത്തനമാണ്. ഇതാണ് ഇസ്ലാമിന്റെ ഉന്നതമായ ധാർമ്മികഗുണത്തിന്റെ നിലവാരം. അതായത് ജനങ്ങളോട് നല്ലവാക്ക് പറയുവിൻ. സ്നേഹത്തോടും നല്ലനിലയിലും പെരുമാറുവിൻ. ജനങ്ങളോട് നല്ലവാക്ക് പറയുന്നതിന് ആദ്യം സ്വന്തം ഉള്ളിൽ ആ നന്മകൾ സൃഷ്ടിച്ചെടുക്കേണ്ടതായിവരും. എങ്കിലേ അത് ഫലമുണ്ടാക്കുകയുള്ളൂ. വെറും ഉപദേശം ഒരു നന്മയും സൃഷ്ടിക്കുകയില്ല. പിന്നീട് മറ്റുള്ളവരുടെ വികാരത്തേയും ശ്രദ്ധിക്കണമെന്നും അഹംഭാവത്തിൽ അകപ്പെട്ടുപോകരുതെന്നും പറഞ്ഞു. പരിഹസിക്കപ്പെടുന്നവർ ഒരു പക്ഷേ പരിഹസിക്കുന്നവരേക്കാൾ ഉത്തമരായിരിക്കും. ഈ ബോധമുണ്ടാകുമ്പോൾ സ്വന്തം ഉള്ളിലും നന്മ സൃഷ്ടിക്കുന്നതിനായി ശ്രദ്ധയുണ്ടാകുന്നു. പിന്നീട് പറഞ്ഞു മറ്റുള്ളവർക്ക് മോശമായി തോന്നുന്ന പേരുകൾ നിങ്ങൾ അവരെ വിളിക്കരുത്. മറ്റുള്ളവരോട് സഹതാപം കാണിക്കുന്നവരും അവർക്ക് പ്രയോജനം ചെയ്യുന്നവരുമായ സൗശീലക്കാർ ധാരാളമുണ്ടെങ്കിലും മുകളിൽപറഞ്ഞ രീതിയിലുള്ള പ്രവർത്തനം അവരുടെ ഉള്ളിൽ അകൽച്ച ഉണ്ടാക്കുന്നതാണ്. വെറുപ്പിന്റെ ഭിത്തി കെട്ടുന്നതാണ്. ഇപ്രകാരംതന്നെയാണ് ഊഹവും. ബന്ധങ്ങളിൽ വിള്ളലുകളുണ്ടാക്കുന്ന ദോഷങ്ങളാണിത്. സുഹൃത്ത്ബന്ധത്തെ അത് നശിപ്പിക്കുന്നു. പകയും വിദ്വേഷവും വർദ്ധിക്കുന്നു. പിന്നീട് പറഞ്ഞത് നിങ്ങൾ ദോഷങ്ങളെ ചികഞ്ഞുനോക്കരുതെന്നാണ്. അത് സ്വന്തം സൽസ്വഭാവങ്ങളെക്കൂടി നശിപ്പിച്ചുകളയുന്നു. സമൂഹത്തിലെ സമാധാനവും കെടുത്തിക്കളയുന്നു. സുഹൃത്താണെന്ന് വാദിക്കുകയും സ്വന്തം കൂട്ടുകാരെക്കുറിച്ച് അപവാദം പറഞ്ഞ് നടക്കുകയും ചെയ്യുന്നതും അയാളിൽനിന്നകന്നതായിരിക്കുകയില്ല. തന്നെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അത് തന്നിൽ ദ്വേഷമുണ്ടാക്കുന്നതുപോലെ മറ്റുള്ളവരെക്കുറിച്ച് അയാളും പറയുന്നു. ഒരു ഭാഗത്ത് മുഅ്മിൻ വാദിക്കുന്നത് താൻ അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ സ്വായത്തമാക്കുന്നവനാണെന്നാണ്. എന്നാൽ, മറുഭാഗത്ത് സൗശീലത്തിന് പകരം- അതിന്റെ ഉദ്ദേശ്യവും മറ്റുള്ളവരോട് നല്ല നിലയിൽ പെരുമാറുക എന്നതാണ്- തിന്മകൾ പറഞ്ഞുനടക്കുന്നു. അതും പൊതുസദസ്സുകളിൽ. പരിഷ്കരണമല്ല അതിന്റെ ഉദ്ദേശ്യം, മറിച്ച് പരിഹസിക്കുക എന്നതാണ്. ഇതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചാൽ മാത്രം പോരാ. മറിച്ച് അത്തരം സ്ഥലങ്ങളിൽനിന്ന് ഓടി

മാറേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരാണോ പരസ്പരം ചീത്തപ്പേരുകൾ വിളിക്കുന്നത്, സ്വന്തം ആൾക്കാരുടെമേൽ കുറ്റവും കുറവും ചുമത്തുകയും സുഹൃത്തക്കളെപ്പോലെ കാര്യങ്ങൾ മറച്ചുവയ്ക്കാതെ പരിഹസിക്കുകയും പരദൂഷണം പറയുകയും തെറ്റുധാരണയോടെ പെരുമാറുകയും, ഇരിക്കുമ്പോഴും, എഴുന്നേല്ക്കുമ്പോഴും മറ്റുള്ളവരുടെ കുറ്റം തേടി നടക്കുകയും ചെയ്യുന്നവരുടെമേൽ-വാസ്തവത്തിൽ അല്ലാഹു ഇത്തരം കാര്യങ്ങൾക്ക് ഇരയായവരെ വിശ്വാസത്തിനുശേഷം അനുസരണത്തിൽനിന്ന് പുറത്തുപോയവർ എന്നാണ് പറയുന്നത്-ധിക്കാരികളുടെമേൽ കോപം പ്രകടിപ്പിക്കുന്നതുപോലെ അവരുടെമേലും പ്രകടിപ്പിക്കുന്നു.

അതിനാൽ ഇത് വളരെ കഠിനമായ മുന്നറിയിപ്പാണ്. ചീത്ത സ്വഭാവം കാണിച്ച് സ്വന്തം സുഹൃത്തുക്കളുടെ മനസ്സ് വിഷമിപ്പിക്കുക മാത്രമല്ല മറിച്ച്, അല്ലാഹുവിന്റെ കോപത്തിനും ഇരയായിത്തീരുന്നു. നിങ്ങൾക്കറിയാത്തതിന്റെ പിന്നാലെ പോകരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. വിചാരണനാളിൽ മനുഷ്യന്റെ അവയവങ്ങൾ സാക്ഷി പറയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറഞ്ഞു: നിങ്ങൾക്കറിവില്ലാത്തതിന്റെ പിന്നാലെ നിങ്ങൾ പോകരുത്. കാരണം ചെവി, കണ്ണ്, ഹൃദയം തുടങ്ങി എല്ലാ അവയവവും ചോദ്യം ചെയ്യപ്പെടുന്നതാണ്. നിരവധി തിന്മകൾ ഊഹം കൊണ്ടു മാത്രമാണ് ഉണ്ടാകുന്നത്. **ആരെയെങ്കിലും കുറിച്ച് ഒരു കാര്യം കേട്ടു, പെട്ടെന്ന് അതങ്ങ് ദൃഢമായി വിശ്വസിച്ചു. ഇത് വളരെ മോശമായ കാര്യമാണ്. ഒരു കാര്യത്തെക്കുറിച്ച് വ്യക്തമായ അറിവും ദൃഢമായ വിശ്വാസവുമില്ലെങ്കിൽ അതിന് ഹൃദയത്തിൽ ഇടം നല്കരുത്**. ഇത് യഥാർത്ഥ തെറ്റുധാരണയെ അകറ്റുന്നതിനുവേണ്ടിയാണ്. പിന്നീട് ഒരിടത്ത് ആ മഹാത്മാവ് ഉപദേശിച്ചുകൊണ്ട് പറയുന്നു. "ഓർമ്മിച്ചുകൊള്ളുവിൻ, ആരാണോ കാഠിന്യത്തോടെ പെരുമാറുകയും, കോപാന്ധനായിത്തീരുകയും ചെയ്യുന്നത് അവന്റെ നാവിൽനിന്ന് ദൈവജ്ഞാനപരവും യുക്തിയിലധിഷ്ഠിതവുമായ കാര്യങ്ങൾ ഒരിക്കലും പുറത്തുവരികയില്ല. ആ ഹൃദയം യുക്തിപരമായ കാര്യങ്ങളിൽനിന്ന് തടയപ്പെടുന്നു; എതിരിൽ നിൽക്കുന്നവന്റെ മുമ്പിൽ ക്ഷണത്തിൽ കോപാന്ധനായിക്കൊണ്ട്, ആത്മനിയന്ത്രണത്തിന് വെളിയിലായിപ്പോകുന്നവനേയും ദുഷ്ടമനസ്സുള്ളവനേയും ദുർസംസാരം നടത്തുന്നവനേയും ആത്മീയനിർവൃതിയിൽനിന്ന് അകറ്റിക്കളയുന്നു. കോപവും ജ്ഞാനവും ഒരിടത്ത് ചേരുകയില്ല. കോപത്തിന്നടിമപ്പെട്ടവന്റെ ബുദ്ധി തടിച്ചതും അവന്റെ ചിന്ത മാലിന്യം നിറഞ്ഞതുമായിരിക്കും. അവന് ഒരു രംഗത്തും വിജയമോ സഹായമോ നല്കപ്പെടുകയില്ല. കോപം അരഭ്രാന്താണ്. ഇത് കൂടുതൽ ജ്വലിക്കുമ്പോൾ മുഴുഭ്രാന്തായിത്തീരാം. നമ്മുടെ ജമാഅത്ത് ഈ എല്ലാ തിന്മകളിൽ നിന്നും അകന്നിരിക്കേണ്ടതാണ്. തായ്ത്തടിയുമായി യഥാർത്ഥമായ ബന്ധം സ്ഥാപിച്ചുനിറുത്താത്ത ശാഖകൾ ഫലമില്ലാത്തതായി നിലകൊള്ളുന്നു. അതുകൊണ്ട് നോക്കുക, നിങ്ങൾ എന്റെ വരവിന്റെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കാതെയും, നിബന്ധനകൾ പാലിക്കാതെയും പ്രവർത്തിച്ചാൽ അല്ലാഹു നമുക്ക് നല്കിയ വാഗ്ദാനത്തിന്റെ അവകാശികൾ എങ്ങനെയാകാനാണ്."

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അഹ്മദിയിൽനിന്നും പ്രതീക്ഷിക്കുന്നത്. ഇതുതന്നെയാണ് തന്നിൽ അല്ലാഹുവിന്റെ നിറം ചാർത്താൻ ഒരു അഹ്മദിക്ക് പ്രയോജനപ്പെടുന്നതും. അങ്ങനെ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം പൂർത്തീകരിക്കുന്നവരാകും. കിശ്തിനൂഹ് എന്ന ഗ്രന്ഥത്തിൽ നമ്മെ ഉപദേശിച്ചുകൊണ്ട് ആ മഹാത്മാവ് പറഞ്ഞു: "നിങ്ങളുടെ കീഴിലുള്ളവരാണെങ്കിലും അവരോട് അഹങ്കാരം കാണിക്കരുത്. ചീത്ത പറയുന്നവരാണെങ്കിലും അവരെ നിങ്ങൾ ചീത്ത പറയരുത്. സുദരിദ്രനും സൗമ്യനും സദുദ്ദേശിയും സൃഷ്ടികളോട് അനുകമ്പയുള്ളവനും ആയിത്തീരുക; നിങ്ങൾ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുന്നതിനു വേണ്ടി. സൗമ്യത പ്രകടിപ്പിക്കുന്ന ഒരു പാടാളുകൾ ഉണ്ട്. എന്നാൽ, അവർ ഉള്ളിൽ ചെന്നായ്ക്കളാണ്. ബാഹ്യമായി പരിശുദ്ധരായിട്ടുള്ള ഒരുപാടാളുകൾ ഉണ്ട്. എന്നാൽ, ഉള്ള് നോക്കിയാൽ പാമ്പുകളാണ്. അതുകൊണ്ട്, അകവും പുറവും ഒന്നാകാത്തിടത്തോളം നിങ്ങൾ അവന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നവരാകുകയില്ല. വലിയവരായിക്കൊണ്ട് ചെറിയവരുടെമേൽ കരുണ ചെയ്യുക; അവരെ നിന്ദിക്കാതിരിക്കുക. പണ്ഡിതന്മാരായിക്കൊണ്ട് അജ്ഞന്മാരെ ഉപദേശിക്കുക. പൊങ്ങച്ചക്കാരായിക്കൊണ്ട് അവരെ അപമാനിക്കാതിരിക്കുക. നാശത്തിന്റെ മാർഗ്ഗങ്ങളെ ഭയപ്പെടുക. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. തഖ്വ സ്വീകരിക്കുക."

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ സത്താരിയ്യത്ത് എന്നു പറയുന്നത് അവൻ മനുഷ്യന്റെ പാപങ്ങളേയും തെറ്റുകളേയും കാണുന്നുണ്ടെങ്കിലും തന്റെ ഈ ഗുണവിശേഷം കാരണത്താൽ, അതിരു ലംഘിക്കുന്നതുവരെ അതെല്ലാം അവൻ പൊതിഞ്ഞുവയ്ക്കുന്നു. എന്നാൽ, മനുഷ്യരെ നോക്കുക. അവരിൽ ഒരുവൻ മറ്റൊരുവന്റെ തെറ്റുകൾ കാണുന്നതുപോലുമില്ല. എന്നിട്ടും ബഹളം ഉണ്ടാക്കുന്നു. യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ മനുഷ്യൻ കഴിവ് കുറഞ്ഞവനാണ്. അല്ലാഹു സൗമ്യനും ഉദാരനുമാണ്. അക്രമിയായ മനുഷ്യൻ തന്റെ ആത്മാവിനോട് അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ച് പൂർണ്ണമായ അറിവില്ലാത്ത കാരണത്താൽ ഇടയ്ക്ക് കടിഞ്ഞാണില്ലാതെ ഓടുന്നു. അപ്പോൾ അല്ലാഹുവിന്റെ ***ദുൻതിഖാം*** എന്ന സിഫത്ത് പ്രവർത്തിക്കാൻ തുടങ്ങുന്നു. അവനെ പിടിക്കുന്നു. പരിധി കടന്നുള്ള കാര്യ

ത്തിനുമേൽ പരമേശ്വരന് നിയന്ത്രണങ്ങളില്ലെന്ന് ഹൈന്ദവർ പറയുന്നത്. എന്നാൽ, മനുഷ്യൻ അങ്ങേയറ്റം ഭക്തിയോടും ഭയത്തോടുംകൂടി ദൈവസവിധത്തിൽ പോയിവീണാൽ, അവൻ കാരുണ്യത്തോടെ ദൃഷ്ടി പതിപ്പിക്കുന്നു. ചുരുക്കത്തിൽ, അല്ലാഹു നമ്മുടെ പാപങ്ങളെ പരസ്യപ്പെടുത്താത്തതുപോലെ സത്താരിയ്യത്തിന്റെ അനുഗ്രഹം കൊണ്ട് അപമാനിക്കാത്തതുപോലെ നമ്മളും മറ്റുള്ളവരുടെ നിന്ദ്യതയ്ക്ക് കാരണമാകുന്ന ഒരു കാര്യവും പറയാനും പ്രവർത്തിക്കാനും പാടില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലെ ചില ഉദ്ധരണികളാണ് ഞാനിപ്പോൾ നിങ്ങളെ കേൾപ്പിച്ചത്. ഇതിൽ സൗമ്യതയിലേക്കും സൗശീലത്തിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. നമ്മൾ ഇതിന്റെയൊക്കെ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുന്നതിനുവേണ്ടിയാണിത്. ഇക്കാര്യങ്ങൾ ഒരു അഹ്മദിക്ക് തന്റെ പരിഷ്കരണത്തിനായി അയവിറക്കിക്കൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്; **അഹ്മദിയാകുക, ബയ്അത്ത് ചെയ്യുക, അല്ലെങ്കിൽ ഏതെങ്കിലും സ്വാഹാബിയുടെ മകനാവുക എന്നതുമാത്രം പോരാ, പ്രത്യുത, ബയ്അത്തിന്റെ നിബന്ധനകൾ പാലിക്കപ്പെടുന്നത്, നമ്മുടെ അവസ്ഥകൾ അല്ലാഹുവിന്റെ കല്പനകളുടെ അച്ചിലിട്ട് വാർത്തെടുക്കാൻ ശ്രമിക്കുമ്പോഴാണ്.**

ഈ വർഷം അഹ്മദിയ്യാ ഖിലാഫത്തിന് 100 വർഷം തികയുകയാണ്. വിവിധ രാജ്യങ്ങളിൽ ഇതുസംബന്ധിച്ചുള്ള പരിപാടികളും ആരംഭിച്ചിട്ടുണ്ട്. നമ്മൾ എപ്പോഴും ഓർക്കേണ്ടതുണ്ട്, വെറും പരിപാടികൾ സംഘടിപ്പിക്കുക, ഇതിനായി നല്ല സംവിധാനമുണ്ടാക്കുക എന്നതുമാത്രമല്ല നമ്മുടെ ഉദ്ദേശ്യം. ഒരഹ്മദിയും ഇതിനെ അടിസ്ഥാനപരമായ ഉദ്ദേശ്യമായിട്ടെടുക്കാനും പാടില്ല. മറിച്ച്, പ്രാർത്ഥനകളും സൽക്കർമ്മങ്ങളും തന്നെയാണ് ഒരു സത്യവിശ്വാസിയെ ഈ അനുഗ്രഹത്തിന് പ്രാപ്തനാക്കുന്നത്. ഇതുതന്നെയാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവനാണ് ഇതിൽനിന്ന് അനുഗ്രഹം തേടുന്നത്.

കവിയരങ്ങ് നല്ലതായാൽ, അല്ലെങ്കിൽ മറ്റെന്തെങ്കിലും പരിപാടി നന്നായാൽ അനുഗ്രഹം പ്രാപിക്കുമെന്ന് അല്ലാഹു ഒരിടത്തും പറഞ്ഞിട്ടില്ല. മറിച്ച്, ആരാധനകളും സൽക്കർമ്മങ്ങളുമാണ് അതിന് നിബന്ധന. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഇതിനു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വലിയൊരു മാർഗ്ഗമാകുന്നു എന്നാണ് ഞാൻ പറഞ്ഞത്. ഈ കാര്യങ്ങളെല്ലാം അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഈ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ കല്പനയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ വിശദീകരണത്തോടെ നമുക്ക് ലഭിക്കുന്നു. പക്ഷേ, മിക്ക ഗ്രന്ഥങ്ങളും ഉർദുവിലാണുള്ളത്. വളരെ കുറച്ചു മാത്രമേ തർജമ ചെയ്യപ്പെട്ടിട്ടുള്ളൂ. മറ്റൊന്ന് ഉർദു അറിയുന്നവർപോലും ഇതിലേക്ക് കുറച്ചേ ശ്രദ്ധിക്കുന്നുള്ളൂ എന്നതാണ്. അതുകൊണ്ട് ഉദ്ധരണി സമർപ്പിക്കുന്നതിന്റെ ഒരു വലിയ ഉദ്ദേശ്യവും ഇതുതന്നെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽതന്നെ ഇക്കാര്യങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തുക. കാരണം ഖുർആന്റെയും ഹദീഥുകളുടെയും അടിത്തറയിലാണ് ഇക്കാര്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നത്. തർജമ ചെയ്യപ്പെട്ട ഗ്രന്ഥങ്ങൾ വളരെ കുറവാണ്. തർജമയുടെ ജോലി വേഗം നടന്നുവരുന്നുണ്ട്. റബ്‌വ കേന്ദ്രത്തിൽ വക്കാലത്ത് തസ്നീഫിന്റെ വക്കീലായ ചൗദ്ദരി മുഹമ്മദലി സാഹിബ്, മുഖർറം മുഹ്ത്തരം, വളരെ കഠിനാധ്വാനത്തോടെ ഇംഗ്ലീഷ് പരിഭാഷയുടെ ജോലി നിർവ്വഹിച്ചിട്ടുണ്ട്, നിർവ്വഹിക്കുന്നുമുണ്ട്. എന്തായാലും ഇത് എളുപ്പമുള്ള കാര്യമല്ല. സമയമെടുക്കും. മുഖർറം ചൗദ്ദരി സാഹിബ് വാർദ്ധക്യം പ്രാപിച്ചിട്ടും വേഗത്തിൽ ഈ ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്നു. അത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്ന ചില ചെറുപ്പക്കാർ ഇതുസംബന്ധമായി എനിക്ക് എഴുതിയിട്ടുണ്ട്, കാലത്തിന്റെ യഥാർത്ഥ ചൈതന്യം ഞങ്ങളിലും അദ്ദേഹം ഊതിയിരിക്കുന്നു എന്ന് അവർ പറയുന്നു. അല്ലാഹു അദ്ദേഹത്തിന്റെമേൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. നിങ്ങളും അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുക.

ഞാൻ പറഞ്ഞുവന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥത്തിലെ ഉദ്ധരണികൾ വായിക്കുമ്പോൾ അതിന്റെ തർജ്ജമ വിവിധ ഭാഷകളിൽ ചെയ്യപ്പെടുന്നു. അങ്ങനെ ആ മഹാത്മാവിന്റെ സന്ദേശം ആ മഹാത്മാവിന്റെതന്നെ വാക്കുകളിൽ നമുക്ക് എല്ലായിടത്തും എത്തിക്കാൻ കഴിയുന്നു. തത്ക്ഷണ തർജമ അത്ര നിലവാരമുള്ളതായിരിക്കുകയില്ല എന്നത് ശരിതന്നെ. അത് നിലവാരമുള്ളതാവുകയുമില്ല. എന്നാൽ, ഒരു പരിധിവരെ ദാഹം അകലുന്നതാണ്. ശ്രോതാക്കളിൽ നിരവധിയാളുകൾ അതിൽനിന്ന് ഫലമെടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളുടെ അനുഗ്രഹംകൊണ്ട്, അല്ലാഹുവിന്റെയും നബി(സ)തിരുമേനിയുടെയും മനോഹരമായ അധ്യാപനത്തിൽനിന്നും ജീവിതമാതൃകയിൽനിന്നും ഫലമെടുത്തുകൊണ്ടിരിക്കുന്നവരായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം. ഇതുതന്നെയാണ് നമ്മൾ അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ ഉദ്ദേശ്യവും. അല്ലാഹു ഇത് കരസ്ഥമാക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 4.4.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala